2 രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കാർഷിക കടാശ്വാസ കമ്മീഷൻ

4 (*124) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടാശ്വാസ കമ്മീഷൻ വഴിയുള്ള കടാശ്വാസത്തിന് വ്യക്തിഗത അപേക്ഷ നൽകാനുള്ള സമയപരിധി അവസാനിപ്പിച്ചുകൊണ്ട് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഏത് തീയതി വരെയുള്ള കടബാദ്ധ്യതകൾക്ക് മാത്രമാണ് ഇളവ് നൽകുന്നത്; വ്യക്തമാക്കുമോ;

(സി) കാർഷിക കടബാദ്ധ്യതയും ആത്മഹത്യയും വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, ഇളവിനർഹതയുള്ള കാലാവധിയും, കടാശ്വാസത്തിന് അപേക്ഷിക്കാനുള്ള കാലാവധിയും ദീർഘിപ്പിച്ച് നൽകുന്നതിന് തയ്യാറാകുമോ;

(ഡി) കടാശ്വാസത്തിനായി ലഭിച്ച ആകെ അപേക്ഷകളിൽ കമ്മീഷൻ തീർപ്പാക്കാൻ ബാക്കിയുള്ളവ എത്രയാണ് ; കമ്മീഷൻ ശിപാർശ ചെയ്തവയിൽ സർക്കാർ ഇനിയും കൊടുത്തു തീർക്കാൻ ബാക്കിയുള്ള തുക എത്ര?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ വഴിയുള്ള കടാശ്വാസത്തിന് വ്യക്തിഗത അപേക്ഷ നൽകുന്നതിന് 2015 ഒക്ടോബർ 31 വരെ സമയം അനുവദിച്ചിരുന്നു.

(ബി) വയനാട് ഒഴികെയുള്ള ജില്ലകളിലെ കർഷകരിൽനിന്ന് 18-1-2007 നോ അതിനുമുമ്പോ ലഭിക്കാനുള്ള ബാദ്ധ്യതകൾക്കാണ് കടാശ്വാസം നൽകുന്നത്. വയനാട് ജില്ലയിലെ കർഷകരുടെ 31-10-2011 വരെയുള്ള കടങ്ങൾ കൂടി പിന്നീട് കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്.

(സി) കാർഷിക കടബാദ്ധ്യതയും ആത്മഹത്യയും വർദ്ധിക്കുന്നതായി സർക്കാർ കരുതുന്നില്ല. കടാശ്വാസ കാലാവധി ദീർഘിപ്പിക്കുന്ന കാര്യം വിശദമായ പരിശോധനയ്ക്ക് ശേഷമേ തീരുമാനിക്കാൻ കഴിയൂ.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കർഷക കടാശ്വാസ കമ്മീഷൻ മുമ്പാകെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31-10-2015 ആയി പുനർനിശ്ചയിക്കുന്നതിന് മുമ്പ് ലഭിച്ചിരുന്ന അപേക്ഷകളിൽ 39868 എണ്ണം തീർപ്പാക്കാൻ ബാക്കിയുണ്ട്. കമ്മീഷനിൽ അപേക്ഷ നൽകുന്നതിനുള്ള തീയതി ദീർഘിപ്പിച്ചതിനെത്തുടർന്ന് ലഭിച്ചിട്ടുള്ള അപേക്ഷകൾ തിട്ടപ്പെടുത്തി വരുന്നു. 2015 ഒക്ടോബർ വരെ കമ്മീഷൻ നൽകിയ ശിപാർശ കണക്കിലെടുത്താൽ 33.84 കോടി രൂപ അനുവദിക്കേണ്ടതായുണ്ട്.

സംസ്ഥാനത്തെ നെല്ലിന്റെ താങ്ങുവില

5 (*125) ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. എം. ചന്ദ്രൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിന്റെ താങ്ങുവിലയിൽ വരുത്തിയ വർദ്ധന ഉല്പാദന ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ ഇതോം കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) കർഷക സംഘടനകൾ താങ്ങുവിലയായി എത്ര തുക പ്രഖ്യാപിക്കാനാണ് ആവശ്യപ്പെട്ടത്; ഇതു സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(സി) കർഷകർ ഉല്പാദിപ്പിച്ച നെല്ല് മുഴുവനും സ്വകാര്യ മില്ലുകാർ സംഭരിച്ചതിന് ശേഷം ഏറെ വൈകിയാണ് താങ്ങുവിലയിൽ വർദ്ധനവ് പ്രഖ്യാപിക്കപ്പെട്ടത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത വിഷയം പരിശോധിക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) കേന്ദ്രസർക്കാർ നെല്ലിന് പ്രഖ്യാപിച്ചിരിക്കുന്ന താങ്ങുവില കേരളത്തിലെ ഉൽപ്പാദന ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നെല്ലിന്റെ ഉൽപ്പാദനച്ചെലവ് വർദ്ധനയ്ക്ക് പരിഹാരമായിട്ടാണ് നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവായിട്ടുള്ളത്. കേന്ദ്രസർക്കാരിന്റെ വികേന്ദ്രീകൃത നെല്ലുസംഭരണ പദ്ധതി പ്രകാരമാണ് സംസ്ഥാനത്ത്, സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നെല്ല് സംഭരിച്ച് വരുന്നത്. നെല്ലിന്റെ താങ്ങുവില (MSP) പ്രഖ്യാപിക്കുന്നത് കേന്ദ്രസർക്കാരാണ്. കേന്ദ്രസർക്കാർ, നെല്ലിന്റെ താങ്ങുവില കിലോയ്ക്ക് 13.60 രൂപയായിരുന്നത്, 2015-16 ഒന്നാം സീസൺ മുതൽ കിലോയ്ക്ക് 14.10 രൂപയായി വർദ്ധിപ്പിച്ച് പ്രഖ്യാപിച്ചിട്ടുണ്ട്. ഉൽപ്പാദനച്ചെലവുമായി

LIBRARY ARCHIVES Kerala Legislative Assembly